**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3848** **03-03-2023 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചെലവഴിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2018 മുതൽ നാളിതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ എത്ര തുക വരവ് വന്നിട്ടുണ്ടെന്നും ആയതിൽ എത്ര രൂപ ഏതൊക്കെ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ടെന്നും വിശദാംശം സഹിതം വ്യക്തമാക്കാമോ? | (എ) | 2018 മുതൽ 2023 ജനുവരി 31 വരെ ആകെ **7123.65** കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് വരവ് വന്നിട്ടുണ്ട്.<br><br>പ്രളയവുമായി ബന്ധപ്പെട്ട് ദുരിതാശ്വാസ നിധിയിൽ നിന്നും 2018 ആഗസ്റ്റ് 28 മുതൽ 2023 ജനുവരി 31 വരെ 4627.64 കോടി രൂപയും കോവിഡ് 19 ആയി ബന്ധപ്പെട്ട് ദുരിതാശ്വാസ നിധിയിൽ നിന്നും 2020 ഏപ്രിൽ 1 മുതൽ 2023 ജനുവരി 31 വരെ 1028.06 കോടി രൂപയും ഓഖിയുമായി ബന്ധപ്പെട്ട് ദുരിതാശ്വാസ നിധിയിൽ നിന്നും 2018 ജനുവരി 1 മുതൽ 2022 നവംബർ 10 വരെ 94.95 കോടി രൂപയും ചേർത്ത് ആകെ **5750.65** കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. മേല്പറഞ്ഞ ഇനങ്ങളിൽ അല്ലാതെ 2018 -19 സാമ്പത്തിക വർഷം മുതൽ 2022 -23 സാമ്പത്തിക വർഷം വരെ ആകെ 1216.86 കോടി രൂപ സഹായ ധനമായി (ചികിത്സ ധനസഹായം, മരണപ്പെട്ടവരുടെ ആശ്രിതർക്കുള്ള ധനസഹായം, വിവിധ വകുപ്പുകൾ വഴി വിതരണം ചെയ്ത സഹായം ) വിതരണം ചെയ്തിട്ടുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ ഇനങ്ങളിൽ എല്ലാം കൂടി ചേർത്ത് ആകെ **6967.51** കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ